# ഇന്ത്യ – വേദന ചികിൽസയ്ക്ക് മാർഗ്ഗമുണ്ടാക്കണം

## ഗവൺമെന്റിന്റെ അനാസ്ഥയും മരുന്നുകളുടെ മേലിലുള്ള അനാവശ്യമായ നിയന്ത്രണവും ലക്ഷങ്ങളെ വേദനയിൽ തള്ളുന്നു.

ഇന്ത്യയിലെ ആയിരക്കണക്കിന് രോഗികൾ അനാവശ്യമായി വേദന അനുഭവിക്കുകയാണ് എന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് ഇന്നലെ ന്യൂ ദില്ലിയിൽ പുറത്തിറക്കിയ ഒരു പ്രസ്താവനയിൽ പറയുന്നു. മരുന്നുകളുടെ അനാവശ്യ നിയന്ത്രണം, വേദന ചികിൽസയിൽ വേണ്ടത്ര പരിശീലനമില്ലായ്മ, അശാസ്ത്രീയമായ ചികിൽസ, വില കുറഞ്ഞതും ഫലപ്രദവുമായ വേദന നിവാരണ മരുന്നുകളുടെ ലഭ്യതയില്ലായ്മ എന്നിവയാണ് ഈ അനാവശ്യമായ ബുദ്ധിമുട്ടിന് കാരണം.

ഇന്ത്യയിലെ പ്രധാനപ്പെട്ട പല ക്യാൻസർ സെന്ററുകളിലും ഏകദേശം 70% രോഗികളിലും ക്യാൻസർ ചികിൽസിച്ചു മാറ്റാൻ പറ്റാത്ത അവസ്ഥയാണ്. ഇവർക്ക് മിക്കവാറും വേദന നിയന്ത്രണവും പാലിയേറ്റീവ് കെയറും ആവശ്യമായി വരുന്നു. ഈ വസ്തുതകൾ നിലനിൽക്കുമ്പോഴും ഇന്ത്യയിലെ പ്രധാനപ്പെട്ട പല ക്യാൻസർ സെന്ററുകളും രോഗികൾക്ക് മോർഫിൻ നൽകുന്നില്ല എന്ന് 102 പേജുള്ള "സഹിക്കാൻ വയ്യാത്ത വേദന, പാലിയേറ്റീവ് കെയർ ലഭ്യമാക്കാനുള്ള ഇന്ത്യയുടെ ബാദ്ധ്യത" എന്ന റിപ്പോർട്ടിൽ പറയുന്നു. HIV ബാധിച്ചവർക്ക് വേണ്ടി നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങളിലും മോർഫിനോ അത് നൽകാൻ പരിശീലനം സിദ്ധിച്ച ഡോക്ടർമാരോ ഇല്ല.

ഹ്യൂമൻ റൈറ്റ്സ് വാച്ചിലെ മുതിർന്ന ഗവേഷകനായ ഡെഡറിക്ക് ലോമാൻ ഇങ്ങനെ പറയുന്നു "ഇന്ത്യയിലെ ആരോഗ്യ സ്ഥാപനങ്ങൾ കഠിനമായി വേദന അനുഭവിക്കുന്ന വളരെയധികം രോഗികളെ നിരാകരിക്കുന്നുണ്ട്. അവർക്ക് വേദന സഹിക്കുകയേ വഴിയുള്ളു. കുറെയധികം രോഗികൾ ഞങ്ങളോട് പറഞ്ഞത് വേദന സഹിക്കുന്നതിലും ഭേദം മരണമാണെന്നാണ്."

കഠിനമായ വേദന ക്യാൻസർ രോഗികൾക്ക് സാധാരണമാണ് പ്രത്യേകിച്ചും ക്യാൻസർ മൂർച്ഛിക്കുന്ന സമയത്ത് ഇന്ത്യയിൽ ഒരു കൊല്ലം ഏകദേശം ഒരു കോടി ക്യാൻസർ രോഗികൾ വേദനയനുഭവിക്കുന്നെന്ന് കണക്കാക്കപ്പെടുന്നു. ഇതുകൂടാതെ HIV, ക്ഷയം, മറ്റുള്ള അസുഖങ്ങൾ, പകർച്ചവ്യാധികൾ എന്നിവ കാരണം വളരെയധികം രോഗികളും നീണ്ടു നിൽക്കുന്ന വേദന അനുഭവിക്കുന്നു. വേദന നിവാരണത്തിന്റെയും പാലിയേറ്റീവ് കെയറിന്റെയും ലഭ്യതയെ ബാധിക്കുന്ന പ്രധാന 3 പ്രശ്നങ്ങൾ ഈ റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്നു.

<u>**മരുന്നുകളുടെ നിയന്ത്രണം**</u> : ഇന്ത്യയിലെ വളരെയധികം സംസ്ഥാനങ്ങളിലും വളരെ കർശനമായ നിയന്ത്രണമാണ് മോർഫിൻ പോലുള്ള മരുന്നുകൾക്ക് ഉള്ളത്. അതുകൊണ്ട് പല ആശുപത്രികൾക്കും ഫാർമസികൾക്കും ഇത് ലഭ്യമല്ല. 1998ൽ ഇന്ത്യാ ഗവൺമെന്റ് ഈ നിയമം ലഘൂകരിക്കാൻ നിർദ്ദേശം നൽകിയെങ്കിലും പകുതിയിലധികം സംസ്ഥാനങ്ങളും ഇത് ചെയ്തിട്ടില്ല.

<u>**ഡോക്ടർമാർക്ക് പരിശീലനം ലഭ്യമാകുന്നതിലെ അപാകത**</u>

വളരെയധികം മെഡിക്കൽ വിദ്യാർത്ഥികൾക്കും, ചെറുപ്പക്കാരായ ഡോക്ടർമാർക്കും, വേദന നിവാരണത്തെ കുറിച്ചും, പാലിയേറ്റീവ് കെയറിനെ കുറിച്ചും ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല. ഇതിന് കാരണം ഗവൺമെന്റ് ഇത് അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നില്ല എന്നതാണ്. അതിനാൽ ഇന്ത്യയിലെ വളരെയധികം ഡോക്ടർമാർക്കും വേദന എങ്ങനെയാണ് വിശകലനം ചെയ്യുകയെന്നോ ചികിൽസിക്കുകയന്നോ അറിയില്ല

<u>**പാലിയേറ്റീവ് കെയർ ആരോഗ്യസേവന രംഗങ്ങളുമായി കൂടിചേർക്കാത്തതിലെ അപാകത**</u>

ക്യാൻസർ നിയന്ത്രണം, AIDS നിയന്ത്രണം തുടങ്ങിയ ദേശീയ പദ്ധതികളിൽ അർത്ഥപൂർണ്ണമായ പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയിട്ടില്ല. എന്നതിനാൽ പാലിയേറ്റീവ് കെയറിന് ഫണ്ടില്ലാതാവുകയും പാലിയേറ്റീവ് കെയർ ഒരു രണ്ടാം തരം ചികിൽസയായി മാറ്റപ്പെടുകയും ചെയ്യുന്നു

മോർഫിൻ ഉണ്ടാക്കുന്നതിനാവശ്യമായ ഓപ്പിയം അഥവാ കറുപ്പ് നിയമാനുസൃതമായി ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. പക്ഷെ ഇതിലെ ഭൂരിഭാഗവും കയറ്റുമതി ചെയ്യുകയും തൽഫലമായി ഇന്ത്യയിലെ ആയിരക്കണക്കിനാളുകൾ ആവശ്യമില്ലാതെ വേദന അനുഭവിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത് ക്യാൻസർ രോഗികളുടെ വേദന നിയന്ത്രണ സംവിധാനങ്ങളുടെ ലഭ്യതയെ കുറിച്ചാണ്. ക്യാൻസർ മൂർച്ഛിച്ച അവസ്ഥയിലും 4 ശതമാനത്തിൽ താഴെ മാത്രം ആളുകൾക്കേ വേണ്ട രീതിയിലുള്ള വേദന ചികിൽസ ലഭ്യമാകുന്നുള്ളൂ എന്ന് ഔദ്യോഗികമായി രേഖപ്പെടുത്തിയ കണക്കുകളിൽ നിന്ന് വെളിപ്പെടുന്നു. സർക്കാർ ക്യാൻസറിനു വേണ്ട അധിക തുക ചെലവാക്കുന്നെങ്കിലും പാലിയേറ്റീവ് കെയറിനെ കുറിച്ച് വേണ്ടത്ര പ്രതിപാദിക്കുന്നുമില്ല

"ക്യാൻസർ നിയന്ത്രണത്തിനു വേണ്ടി കൂടുതൽ തുക അനുവദിക്കുന്നതിലും പ്രാദേശിക ക്യാൻസർ സെന്ററുകൾക്ക്കൂടുതൽ ഫണ്ട് നൽകുന്നതിലും ഗവൺമെന്റ് അനുമോദനം അർഹിക്കുന്നു" _ ലോമാൻ പറഞ്ഞു പക്ഷെ എല്ലാ ക്യാൻസർ ആശുപത്രികളിലും വേണ്ട രീതിയിലുള്ള വേദനയുടെ ചികിൽസയും പാലിയേറ്റീവ് കെയറും ഉറപ്പിക്കാത്തിടത്തോളം ഈ നരകയാതന അനുഭവിക്കുന്ന രോഗം മൂർച്ഛിച്ച ക്യാൻസർ രോഗികൾക്ക് ഉപകരിക്കുകയില്ല.

വേദനയുടെ ചികിൽസ ഒരു മനുഷ്യാവകാശമാണ് എന്ന് പ്രഖ്യാപിക്കുന്ന ഈ റിപ്പോർട്ട് അന്തർദ്ദേശീയ മനുഷ്യാവകാശ സംഘടനയുടെ ആദ്യത്തെ കാൽവയ്പാണ്. മോർഫിൻ അടക്കമുള്ള അവശ്യ മരുന്നുകൾ ലഭ്യമാക്കുകയും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കുകയും ചെയ്യുക എന്നത് സർക്കാറിന്റെ കടമയാണെന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് വിചാരിക്കുന്നു. ഇന്ത്യ ഗവൺമെന്റ് ഇത് ലംഘിക്കുന്നത് ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശം നിഷേധിക്കലാണെന്ന് ഈ റിപ്പോർട്ടിൽ പറയുന്നു. പ്രശ്നത്തിന്റെ കാഠിന്യവും ആധിക്യവും എളുപ്പത്തിലെ പരിഹാര്യതയും കണക്കിലെടുക്കുമ്പോൾ ക്യാൻസർ ആശുപത്രികളിൽ വേദന ചികിൽസിക്കാതിരിക്കുന്നത് ക്രൂരമായ പീഢനവും മനുഷ്യരാഹിത്യവുമാണ്.

ചില രോഗികൾ പറഞ്ഞത്

"എന്നെ ആരോ സൂചി കൊണ്ട് കുത്തിക്കൊണ്ടേ ഇരിക്കുന്നതു പോലെ. രാത്രി മുഴുവൻ ഞാൻ നിലവിളിച്ചു പോയി. അങ്ങനത്തെ വേദന വരുമ്പോൾ മരണം മാത്രമാണ് പരിഹാരമെന്നാണ് തോന്നുക". **പ്രിയ, ഹൈദരാബാദ്, മാറിൽ ക്യാൻസർ ബാധിച്ച രോഗി.**

"കാലിൽ മുളകരച്ചത് പോലെയായിരുന്നു. കഠിന വേദന കാരണം മരിക്കാൻ പോകുന്നതു പോലെ തോന്നി. എന്തു പേടിയായെന്നോ എനിക്ക്! ഇങ്ങനെ വേദന അനുഭവിക്കുന്നതിനേക്കാളും മരിച്ചാൽ മതിയെന്ന് തോന്നി. കാൽ മുറിച്ച് മാറ്റിയാൽ മതി, വേദന പോട്ടെ, കാൽ പൊയ്ക്കോട്ടെ; ഈ വേദന പോയാൽ മതി എന്നാണ് തോന്നിയത്". **ദിലാവർ ജോഷി, ഹൈദരാബാദ്, എല്ലിലെ ക്യാൻസർ ബാധിച്ച ഒരു നേപ്പാൾക്കാരൻ**

1)ചിലപ്പോൾ രാത്രി ഒന്നൊന്നര മണിക്കൂർ ഉറങ്ങാൻ പറ്റും. എത്ര ഉറക്ക ഗുളിക കഴിച്ചാലും ഒരു പ്രയോജനവുമില്ല. മോർഫിൻ കഴിച്ചാൽ എന്ത് ആശ്വാസം! "ഈ സ്ഥലം (പാലിയേറ്റീവ് കെയർ യൂണിറ്റ്) സ്വർഗ്ഗതുല്യം". **ശ്രുതി ശർമ്മ, ഹൈദരാബാദ്, മാറിൽ ക്യാൻസർ ബാധിച്ച രോഗി.**

"എനിക്ക് പുറത്ത് രണ്ടു കാലിലും വേദനയായിരുന്നു. വേദന കൊണ്ട് കാലുകൾ വല്ലാതെ വളഞ്ഞു പോയി - കാൽ അകത്തോട്ടും, വിരലുകൾ മേലേയ്ക്കും. കുത്തുന്ന വേദന അസഹനീയം. രാത്രിയാണ് വേദന കൂടുതൽ. ഉറങ്ങാനെ പറ്റിയില്ല" **പിള്ള, തിരുവനന്തപുരം H.I.Vയും T.Bയും ബാധിച്ചയാൾ.**

"വയറിലും ഗുഹ്യഭാഗത്തും ഭയങ്കര വേദനയായിരുന്നു. തുടർച്ചയായി, വിങ്ങുന്ന വേദന, അങ്ങു പുറകു വശം വരെ. എനിക്ക് ദേഷ്യവും എന്തെക്കൊയോ തോന്നി. മൂന്നു നാലു പ്രാവശ്യം ഞാൻ തിരിച്ചു ചെന്നു ഡോക്ടറുടെ അടുത്ത്, വേദന കൂടുതലാണ്, കുറയുന്നില്ല, എന്ന് പറഞ്ഞു. അപ്പോൾ വേറെ എന്തെങ്കിലും ഒരു മരുന്ന് തരും. വേദന ഒട്ടും കുറയുകയുമില്ല" **കമല കൺവർ, ജയ്പൂർ ഗർഭപാത്രത്തിലെ ക്യാൻസർ ബാധിച്ച രോഗി.**

ബന്ധപ്പെടാൻ: ഡെഡറിക്ക് ലോമാൻ,Phone: 09654089973
Email: lohmand@hrw.org